# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -856 10.02.2016 ൽ മറുപടിയ്ക്ക്

## ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാലപ്പഴക്കം നേരിടുന്ന ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം എന്ന് തുടങ്ങാനാകുമെന്ന് അറിയിക്കാമോ; | (എ) | 'ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ്' പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ PRICE SOFTWARE ഉപയോഗിച്ച് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഉപ്പ് വെള്ളം കയറി പ്രദേശത്തെ കൃഷി നശിക്കുന്നതിനാൽ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുമെന്ന നിലപാട് കൈക്കൊണ്ട ശേഷം, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി)&(സി) | ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ 160 ലക്ഷം രൂപയ്ക്ക് അംഗീകാരം നല്കിയെങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട് കാസർഗോഡ് കെ.എസ്.ടി.പി റോഡിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകാനുള്ള കാലതാമസം മൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ ടി പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി അധികൃതർ അറിയിച്ചതിനെ തുടർന്ന് 2012 നിരക്കിൽ 283.00 ലക്ഷം (ഇരുന്നൂറ്റി എൺപത്തി മൂന്ന് ലക്ഷം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ&എ) PRICE SOFTWARE ൽ തയ്യാറാക്കി വരുന്നു. |
| (സി) പദ്ധതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയായാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ